LIBRARY ARCHIVES Kerala Legislative Assembly

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

47 (7012) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇപ്പോൾ എത്ര സ്കൂളുകളിലാണ് പ്രോഗ്രാം നടപ്പിലാക്കുന്നതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(സി) പെരുമ്പാവൂർ കുറുപംപടിയിലെ ഡയറ്റിൽ നിർമ്മാണം പൂർത്തിയാക്കാത്ത അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് മന്ദിരം അസാപ് ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കി സ്കിൽ ഡെവലപ്മെന്റ് സെന്ററായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളുമായ ഒരു എംപവേർഡ് കമ്മിറ്റിയാണ് പദ്ധതി നേരിട്ട് നടപ്പാക്കുന്നത്. ഇതോടൊപ്പം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എം.എൽ.എ.-മാരടങ്ങിയ സമിതിയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

(ബി പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. സംസ്ഥാനത്തൊട്ടാകെ 437 വിദ്യാലയങ്ങളിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ജില്ല തിരിച്ചുള്ള കണക്കുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

വയനാട് ജില്ലയിൽ നടപ്പാക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ പ്രവർത്തന പുരോഗതി

48 (7013) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ നടപ്പാക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ ; വിശദമാക്കുമോ ;

(സി) പദ്ധതിയുടെ ഭാഗമായുള്ള സ്കിൽ സെക്ടർ കൊഴ്സ് ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്. വയനാട് ജില്ലയിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ പുരോഗതി സർക്കാർ നിയോഗിച്ച ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള അസാപ്പിന്റെ സമിതി വിലയിരുത്തിയിട്ടുണ്ട്.

(ബി) ആരംഭിച്ചു. ജില്ലയിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾക്കുള്ള സ്ഥലം കണ്ടെത്തുന്ന പ്രവർത്തനം നടന്നുവരുന്നു.

(സി) പദ്ധതിയുടെ ഭാഗമായുള്ള സ്കിൽ സെക്ടർ കോഴ്സുകൾ 2014 മാർച്ച് 29-ന് മാനന്തവാടി സർക്കാർ കോളേജിൽ ആരംഭിച്ചിട്ടുണ്ട്. താഴെപ്പറയുന്ന സ്കിൽ കോഴ്സുകളാണ് ജില്ലയിൽ നടത്തപ്പെടുന്നത്.

അക്കൗണ്ടിംഗ് ടെക്നീഷ്യൻ സർട്ടിഫിക്കറ്റ്, ഗ്ലോബൽ ബിസിനസ് ഹൗസ്കീപ്പിംഗ് സ്കിൽസ്, മൊബൈൽ കമ്മ്യൂണിക്കേഷൻ, പി.സി. ഹാർഡ്വെയർ ആന്റ് നെറ്റ്വർക്കിംഗ്, സർട്ടിഫിക്കറ്റ് ഇൻ ബാങ്കിംഗ് ആന്റ് ഫിനാൻസ് പ്രൊഫഷണൽ, സർട്ടിഫിക്കറ്റ് ഇൻ ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻസ്, സർട്ടിഫിക്കറ്റ് ഇൻ ബി.പി.ഒ. നോൺ വോയ്സ്, പ്ലംബിംഗ് അപ്രന്റീസ് പ്രോഗ്രാം.

സ്കൂളുകളിൽ അദ്ധ്യയന സമയത്ത് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുചടങ്ങുകൾ നടത്തുന്നതിനുള്ള നിയന്ത്രണം

49 (7014) ശ്രീ. എ. കെ. ബാലൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ അദ്ധ്യയന സമയത്ത് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുചടങ്ങുകൾ നടത്തുന്നതിനുള്ള നിയന്ത്രണങ്ങൾ വല്ലതും നിലവിലുണ്ടോ ; എങ്കിൽ ഇത് പാലിക്കപ്പെടുന്നുണ്ടോ ;

(ബി) തിരുവനന്തപുരം കോട്ടൺഹിൽ സ്കൂൾ പ്രധാനാദ്ധ്യാപികയെ സ്ഥലം മാറ്റുന്നതിനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(സി) പ്രധാനാദ്ധ്യാപികയുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റം എന്തായിരുന്നു ; ഇതിന് പ്രസ്തുത അദ്ധ്യാപികയുടെ വിശദീകരണം തേടിയിരുന്നോ ; വിശദീകരണം നൽകുന്നതിന് എത്ര ദിവസത്തെ സാവകാശമാണ് നൽകിയത് ; വിശദീകരണം ലഭിച്ചതിനുശേഷമായിരുന്നോ നടപടിയെന്ന് വ്യക്തമാക്കാമോ ;

(ഡി) സ്കൂൾ അദ്ധ്യയനസമയം നഷ്ടപ്പെടുത്തിക്കൊണ്ട് സ്കൂളുകളിൽ പൊതുപരിപാടികൾ സംഘടിപ്പിക്കുന്നത് വിദ്യാർത്ഥികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly